പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : * 242

12.03.2018 ൽ മറുപടിയ്ക്ക്

## ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗങ്ങളുടെ ഏകീകരണം

**ചോദ്യം**

ശ്രീ.സി.കെ.നാണു
ശ്രീ.കെ.കൃഷ്ണൻകുട്ടി
ശ്രീ.കോവൂർ കുഞ്ഞുമോൻ
ശ്രീ.കെ.ബി.ഗണേഷ് കുമാർ

**മറുപടി**

പ്രൊഫ.സി.രവീന്ദ്രനാഥ്
(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഹൈസ്കൂൾ, ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി വിഭാഗങ്ങൾ ഒരുമിച്ച് പ്രവർത്തിക്കുന്ന സ്കൂളുകളിൽ പ്രിൻസിപ്പൽ, ഹെഡ് മാസ്റ്റർ തസ്തികയിൽ നിന്നും ഒരാളെ സ്കൂളിന്റെ മൊത്തത്തിലുള്ള മേധാവിയായി നിശ്ചയിച്ചിട്ടുണ്ടോ; | (എ) ഇല്ല |
| (ബി) | പ്രസ്തുത സ്കൂളുകളിൽ പ്രിൻസിപ്പൽ, ഹെഡ് മാസ്റ്റർ തസ്തികയിലുള്ളവർ തമ്മിൽ അധികാര പരിധി സംബന്ധിച്ച് തർക്കങ്ങൾ ഉണ്ടാകുന്നത് പരിഹരിക്കാൻ സർക്കാരിന് എന്ത് നിർദ്ദേശമാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) ഇത്തരം തർക്കങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നിലവിലുള്ള ചട്ട പ്രകാരം പരിഹരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതാണ്. |
| സി) | മറ്റു സംസ്ഥാനങ്ങളെ മാതൃകയാക്കി ഈ സ്ഥാപനങ്ങളെ ഏകീകൃത സംവിധാനത്തിന് കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) & (ഡി) 2009 ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്തു നടപ്പാക്കുന്നതു സംബന്ധിച്ച് ഘടനാപരവും അക്കാദമികപരവുമായ എല്ലാവശങ്ങളും പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മുൻ എസ്.സി.ഇ.ആർ.ടി ഡയറക്ടർ ഡോ.എം.എ.ഖാദർ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. |
| ഡി) | ഇതിനെപ്പറ്റി എന്തെങ്കിലും പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ